7 (3136) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്കുള്ള പ്രത്യേക ചികിത്സാ സഹായ പദ്ധതി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്കുള്ള പ്രത്യേക ചികിത്സാ സഹായ പദ്ധതിയുടെ ഭാഗമായി ആകെ എത്ര അപേക്ഷകളാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്രപേർക്ക് ചികിത്സാസഹായം അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ആകെ എത്രരൂപ ഈ ഇനത്തിൽ വിതരണം ചെയ്യുകയുണ്ടായി;

(ഡി) ഈ ചികത്സാ സഹായ പദ്ധതിയനുസരിച്ച് പരമാവധി എത്ര രൂപവരെയാണ് അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിലുള്ള ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായത്തിനുവേണ്ടി 1327 പട്ടികജാതിക്കാരിൽനിന്നും, 110 പട്ടിക വർഗ്ഗക്കാരിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ട 1088 പേർക്കും, പട്ടികവർഗ്ഗത്തിൽപ്പെട്ട 60 പേർക്കും ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്.

(സി) 55,97,000 രൂപ വിതരണം ചെയ്തു.

(ഡി) ഉത്തരം 'എ' യിൽ സൂചിപ്പിച്ച പദ്ധതിയനുസരിച്ച്, പരമാവധി 25,000/- രൂപവരെ ചികിത്സാ ധനസഹായമായി അനുവദിക്കാവുന്നതാണ്.

8 (3137) ജനകീയാസൂത്രണ പരിപാടിയിൽ പട്ടികജാതി/വർഗ്ഗക്കാരുടെ ഉന്നമനത്തിന് നീക്കി വച്ച തുക

ശ്രീ. കെ. ബാബു :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 വർഷത്തിൽ ജനകീയാസൂത്രണ പരിപാടികളുടെ ഭാഗമായി പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും പിന്നോക്കവിഭാഗങ്ങളുടെയും ഉന്നമനത്തിനു വേണ്ടി എന്തുതുക നീക്കിവച്ചു;

(ബി) അതിൽ എന്തു തുക ചെലവഴിച്ചു;

(സി) ഈ ജനവിഭാഗങ്ങൾക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2,33,300 ലക്ഷം രൂപ.

(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly